# എറണാകുളം മിസ്സം
# ERNAKULAM MISSAM
English & Malayalam Monthly

Vol. No. 68 | Issue No. 11 | November 2025 | Rs. 15/-






LISIE HOSPITAL
ERNAKULAM

CARE WITH LOVE
ESTD 1956

# SEVENTY YEARS OF SERVICE



# സപ്തതരംഗ്







# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 68 Issue No. 11 November 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. കച്ചേരിക്കാര്യം
   - പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്
   - വൈദികരുടെ സ്ഥലംമാറ്റം
   - Meeting Sessions
   - വൈദികരുടെ തുടർപരിശീലനം
   - EKAM Connect
   - Priests' ID card

11. നിര്യാതനായി

14. വാർത്തകളും വിശേഷങ്ങളും

17. AICO

19. വിശ്വാസപരിശീലന കേന്ദ്രം

23. ബൈബിൾ അപ്പോസ്റ്റലേറ്റ്

24. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

25. നൈപുണ്യ ഇന്റർനാഷണൽ

27. ഫാമിലി അപ്പോസ്റ്റലേറ്റ്

28. കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി

31. കേരള കത്തോലിക്ക ടീച്ചേഴ്സ് ഗിൽഡ്

31. അതിരൂപത കെ.സി.എസ്.എൽ.

32. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Panjikaren Joseph, Uzhuva | 1888 | 1918 | 4-11-1949 |
| Fr. Chathaparambil Antony, Kunnumpuram | 1920 | 1955 | 4-11-2010 |
| Fr. Payyappilly Mathai, Konthuruthy | 1883 | 1909 | 6-11-1939 |
| Fr. Kuzhiparambil George, Thaykkattussery | 1937 | 1964 | 8-11-2007 |
| Fr. Paravara Peter, Poonithura | 1909 | 1936 | 10-11-1983 |
| Fr. Cholenkary Gheevarghese, Vadayar | 1902 | 1933 | 11-11-1942 |
| Fr. Annassery George, Vaikom | 1913 | 1940 | 11-11-2003 |
| Fr. Vithayathil Joseph (P), Puthenpally | 1904 | 1933 | 12-11-1991 |
| Fr. Koluvan Payyappilly George, Thuravoor | 1884 | 1913 | 13-11-1966 |
| Fr. Puthussery Paulose, Puthenpally | 1851 | 1875 | 14-11-1930 |
| Fr. Manavalan Paulose, Kuthiathode (Old) | 1859 | 1889 | 14-11-1939 |
| Fr. Nalpat Sebastian, Koratty | 1909 | 1935 | 14-11-1985 |
| Fr. Payyappilly John, Akaparambu | 1916 | 1943 | 14-11-1992 |
| Fr. Menachery Joseph, Narakkal | 1857 | 1887 | 15-11-1943 |
| Fr. Maliekal Thomas, Chalil | 1938 | 1966 | 15-11-2023 |
| Fr. Kallarackal Paulose, Vallom | | | 16-11-1867 |
| Fr. Chakiath Paul, Karukutty | 1929 | 1955 | 18-11-2005 |
| Fr. Kareemadom Joseph, Vadayar | 1940 | 1964 | 18-11-2015 |
| Fr. Puduchery Antony, Edad | 1922 | 1945 | 22-11-1977 |
| Fr. Panjikaren Kuruvila, Muttom | 1900 | 1928 | 22-11-1978 |
| Fr. Chakiath Stanislaus, Thundathumkadavu | | | 25-11-1925 |
| Fr. Thaliath V. Thomas, Puthenpally | 1890 | 1918 | 25-11-1945 |
| Fr. Valamangalam Joseph, Kothavara | 1903 | 1932 | 26-11-1963 |
| Fr. Eravimangalam Alexander, Thykkattussery | 1925 | 1952 | 27-11-2008 |
| Msgr. Karedan Abraham, Muringoor | 1929 | 1956 | 28-11-2004 |

# കച്ചേരിക്കാര്യം

## 1) പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

Prot. No: **ES/04/25**

**DECREE**

I, Archbishop Joseph Pamplany, Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly, hereby appoint **1) Rev. Fr. James Pereppadan, 2) Rev. Fr. Varghese (Biju) Perumayan, 3) Rev. Fr. Jose Pollayil** as the members of the Election Committee for the election to the new Pastoral Council (January 2026 - December 2028) as per *Article 3* of the by-law of the Pastoral Council and its amendment (ES/02/10 – 25/10/2010, *Ernakulam Missam*, Oct. 2010, Page 456). Rev. Fr. James Pereppadan will be the Convenor.

You are directed to convene a meeting of the Forane Vicars as early as possible, in order to explain the rules and regulations of the election process.

The election is to be completed before 20th December 2025.

Given from the Archeparchial Curia of Ernakulam-Angamaly on October 01, 2025.

Invoking God's blessings upon you,

Yours in Our Lord Jesus Christ,

**✠ Archbishop Joseph Pamplany**
Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly

Fr. Antony Vazhakkala
Chancellor

# എറണാകുളം-അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ് വിജ്ഞാപനം

നമ്മുടെ അതിരൂപതയിലെ **2026 ജനുവരി - 2028 ഡിസംബർ** വർഷങ്ങളിലേക്കുള്ള പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതിന് താഴെ പറയുന്ന രീതിയിൽ തിരഞ്ഞെടുപ്പ് നടത്തുവാൻ പെ. ബഹുമാനപ്പെട്ട ഫൊറോന വികാരിമാരുടെയും, ബഹുമാനപ്പെട്ട വികാരിമാരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു (ഡിക്രി ES/04/25).

## 1. ഫൊറോനതല തിരഞ്ഞെടുപ്പ് - ഫൊറോന കേന്ദ്രങ്ങളിൽ

**2025 നവംബർ 23-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക്** പെ. ബ. ഫൊറോന വികാരിമാരുടെ നേതൃത്വത്തിൽ അതാതു ഫൊറോനയുടെ കീഴിലുള്ള ഇടവകകളിലെ

a) അതിരൂപതാ കച്ചേരിയിൽനിന്നും അംഗീകരിച്ചിട്ടുള്ള കൈക്കാരന്മാർ,

b) കുടുംബയൂണിറ്റ് കേന്ദ്രസമിതി വൈസ് ചെയർമാൻ,

c) വിമെൻ വെൽഫെയർ സർവ്വീസസിന്റെയോ വനിതാ ഭക്തസംഘടനകളുടെയോ പ്രസിഡന്റുമാരുടെ ഒരു പ്രതിനിധി.

d) വികാരിമാർ അവരവരുടെ കൈക്കാരന്മാരോടും കുടുംബയൂണിറ്റ് കേന്ദ്രസമിതി വൈസ് ചെയർമാനോടുമായി ആലോചിച്ച്, നാമനിർദ്ദേശം ചെയ്തു വരുന്ന ഒരു അല്മായ പുരുഷൻ,

e) വികാരിമാർ അവരവരുടെ കൈക്കാരന്മാരോടും കുടുംബയൂണിറ്റ് കേന്ദ്രസമിതി വൈസ് ചെയർമാനോടുമായി ആലോചിച്ച്, നാമനിർദ്ദേശം ചെയ്തു വരുന്ന ഒരു അല്മായ സ്ത്രീ.

എന്നിവർ അതാതു വിഭാഗത്തിൽ രൂപീകരിക്കുന്ന ഫൊറോന തിരഞ്ഞെടുപ്പ് സമിതികൾ യോഗം ചേർന്ന് കൈക്കാരന്മാരിൽനിന്നും, വനിതാ സംഘടനകളുടെ പ്രസിഡന്റുമാരിൽനിന്നും, കുടുംബയൂണിറ്റ് കേന്ദ്രസമിതി വൈസ് ചെയർമാന്മാരിൽനിന്നും, വികാരിമാർ പ്രത്യേകം നാമനിർദ്ദേശം ചെയ്തു വിട്ടിരിക്കുന്ന അല്മായ പുരുഷന്മാരിൽനിന്നും, അല്മായ സ്ത്രീകളിൽനിന്നും, ഓരോ പ്രതിനിധിയെ വീതം തിരഞ്ഞെടുക്കേണ്ടതാണ്. ഒരു ഫൊറോനയിൽനിന്ന് മൊത്തം അഞ്ച് അല്മായർ.

രഹസ്യ ബാലറ്റ് ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്. ആരേയും സ്ഥാനാർത്ഥിയായി നിറുത്താൻ പാടില്ല. തിരഞ്ഞെടുപ്പ് യോഗത്തിൽ ആദ്യം ഓരോരുത്തരും സ്വയം പരിചയപ്പെടുത്തണം. അതിനുശേഷം വോട്ടെടുപ്പ് നടത്തണം. തിരഞ്ഞെടുക്കപ്പെടാൻ കേവലഭൂരിപക്ഷം (absolute majority,

50% +1) ലഭിച്ചിരിക്കണം. ആദ്യ രണ്ട് റൗണ്ടിലും കേവലഭൂരിപക്ഷം ആർക്കും കിട്ടിയില്ലെങ്കിൽ, രണ്ടാം റൗണ്ടിൽ ഏറ്റവും കൂടുതൽ വോട്ട് കിട്ടിയ രണ്ട് പേരിൽ ഒരാളെ മൂന്നാം റൗണ്ടിൽ തിരഞ്ഞെടുക്കണം. മൂന്നാം റൗണ്ടിൽ തുല്യവോട്ടുകൾ ലഭിച്ചാൽ ഒരാളെ നറുക്കിട്ട് നിശ്ചയിക്കണം.

**2. അതിരൂപതാതല തിരഞ്ഞെടുപ്പ്**

a) അതിരൂപതയിൽ ജനറാളോ പ്രൊവിൻഷ്യലോ ഇല്ലാത്തതും അൻപതോ അതിലധികമോ അംഗങ്ങൾ അതിരൂപതയിൽ ഉള്ള തുമായ സന്ന്യാസസഭകൾ തങ്ങളുടെ ഓരോ പ്രതിനിധിയെ **2025 നവംബർ 20-നു** മുമ്പായി തിരഞ്ഞെടുത്ത് കൺവീനറെ അറിയി ക്കേണ്ടതാണ്.

b) അതിരൂപതയിൽ ജനറാളോ പ്രൊവിൻഷ്യലോ ഇല്ലാത്തതും, അൻപതിൽ താഴെ മാത്രം അംഗങ്ങൾ ഉള്ളതുമായ സന്ന്യാസസ ഭകളുടെ ഓരോ പ്രതിനിധി **2025 ഡിസംബർ 13-ാം തീയതി ശനി യാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക്** കലൂർ റിന്യൂവൽ സെന്ററിൽ ചേർന്ന് തങ്ങളുടെ ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതാണ്.

c) അതിരൂപതയിലെ ബ്രദേഴ്സിന്റെ സന്ന്യാസ സഭകളുടെ ഒരു പ്രതി നിധി വീതം **2025 ഡിസംബർ 13-ാം തീയതി ശനിയാഴ്ച ഉച്ചക ഴിഞ്ഞ് 3.30 മണിക്ക്** കലൂർ റിന്യൂവൽ സെന്ററിൽ ചേർന്ന് തങ്ങ ളുടെ ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതാണ് (അതിരൂപത യിൽ ജനറാളുകൾ ഉള്ള സന്ന്യാസ സഹോദര സഭകൾക്ക് ഇത് ബാധകമല്ല).

d) അതിരൂപതയുടെ ഹോസ്പിറ്റൽ ഡയറക്ടർമാർ, മേജർ സെമി നാരി പ്രൊഫസർമാർ എന്നിവർ **2025 ഡിസംബർ 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 4.00 മണിക്ക്** കലൂർ റിന്യൂവൽ സെന്ററിൽ ചേർന്ന് അവരവരുടെ വിഭാഗത്തിൽനിന്ന് ഓരോ പ്രതിനിധി യെ വീതം തിരഞ്ഞെടുക്കണം.

e) അതിരൂപതയുടെയും ഇടവകകളുടെയും കീഴിലുള്ള കോളേജു കളുടെയും ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ഹൈസ്കൂളു കളുടെയും അപ്പർ പ്രൈമറി-ലോവർ പ്രൈമറി സ്കൂളുകളുടെയും അതിരൂപതാംഗങ്ങളായ പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ/ ഹെഡ്മിസ്ട്രസ്മാർ എന്നിവർ **2025 ഡിസംബർ 13-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4.30 മണിക്ക്** കലൂർ റിന്യൂവൽ സെന്ററിൽ ചേർന്ന് അവരവരുടെ വിഭാഗത്തിൽനിന്ന് ഓരോ പ്രതിനിധി യെ വീതം തിരഞ്ഞെടുക്കണം. പ്രിൻസിപ്പലോ, ഹെഡ്മാസ്റ്ററോ, ഹെഡ്മിസ്ട്രസ്സോ അതിരൂപതാംഗമല്ലെങ്കിൽ, സീനിയോരിറ്റി അനു

സരിച്ച് അതിരൂപതയിൽപ്പെട്ട ഒരു അദ്ധ്യാപകനോ അദ്ധ്യാപികയോ ആണ് തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുക്കേണ്ടത്.

f) അതിരൂപതയുടെയും ഇടവകകളുടെയും കീഴിലുള്ള കോളേജുകളുടെയും ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ഹൈസ്കൂളുകളുടെയും അപ്പർ പ്രൈമറി സ്കൂളുകളുടെയും ലോവർ പ്രൈമറി സ്കൂളുകളുടെയും മാനേജർമാർ **2025 ഡിസംബർ 13-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5.00 മണിക്ക്** കലൂർ റിന്യൂവൽ സെന്ററിൽ ചേർന്ന് ഒരു പ്രതിനിധിയെ മാത്രം തിരഞ്ഞെടുക്കണം.

g) അതിരൂപതാ തലത്തിലുള്ള തിരഞ്ഞെടുപ്പും ഫൊറോനാ തലത്തിൽ നടത്തുന്ന തിരഞ്ഞെടുപ്പ് പോലെതന്നെയാണ് നടത്തേണ്ടത്.

**നിർദ്ദേശങ്ങൾ**

1. ഓരോ ഇടവകയിലെയും കൈക്കാരന്മാരുടെയും, അംഗീകരിക്കപ്പെട്ട സ്ത്രീകളുടെ ഭക്തസംഘടനകളുടെയോ വിമെൻ വെൽഫെയർ സർവ്വീസസിന്റെയോ പ്രസിഡന്റിന്റെയും (പ്രസിഡന്റ് സിസ്റ്റർ ആണെങ്കിൽ വൈസ് പ്രസിഡന്റ്), കുടുംബയൂണിറ്റ് കേന്ദ്രസമിതി വൈസ് ചെയർമാന്റെയും, വികാരി നാമനിർദ്ദേശം ചെയ്യുന്ന അല്മായ പുരുഷൻ, സ്ത്രീ എന്നിവരുടെയും പേരുകൾ അതാതു ഫൊറോനാ വികാരിമാർക്ക് **2025 നവംബർ 11-ന്** മുമ്പായി ബഹുമാനപ്പെട്ട വികാരിമാർ എത്തിച്ചുകൊടുക്കേണ്ടതാണ്.
2. ഓരോ ഇടവകയിലുമുള്ള അതിരൂപതവക, ഇടവകവക കോളേജുകളുടെയും ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ഹൈസ്കൂളുകളുടെയും, അപ്പർ പ്രൈമറി സ്കൂളുകളുടെയും ലോവർ പ്രൈമറി സ്കൂളുകളുടെയും അതിരൂപതാംഗങ്ങളായ പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ/ഹെഡ്മിസ്ട്രസ്മാർ (അതിരൂപതാംഗങ്ങളല്ലെങ്കിൽ അവരുടെ സ്ഥാനത്ത് സീനിയോരിറ്റി അനുസരിച്ചുള്ള അദ്ധ്യാപകർ/അദ്ധ്യാപികമാർ) എന്നിവരുടെ പേര്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് ബഹുമാനപ്പെട്ട വികാരിമാർ/മാനേജർമാർ **2025 നവംബർ 30-ന്** മുമ്പായി റവ. ഫാ. ജെയിംസ് പെരേപ്പാടൻ (കൺവീനർ, ഇലക്ഷൻ കമ്മിറ്റി), മേജർ ആർച്ചുബിഷപ്സ് ഹൗസ്, എറണാകുളം, പി.ബി. നമ്പർ 2580, കൊച്ചി 682031 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.
3. എറണാകുളം-അങ്കമാലി **അതിരൂപതാ ഡയറക്ടറി 2021-2022** അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങൾ നിർണ്ണയിക്കുക.

ഈ വിജ്ഞാപനം പെ. ബ. ഫൊറോന വികാരിമാരും, ബ. വികാരിമാരും, മാനേജർമാരും തിരഞ്ഞെടുപ്പ് യോഗത്തിൽ സംബന്ധിക്കേണ്ടവരുടെ ശ്രദ്ധ

യിൽപ്പെടുത്തുകയും, നിശ്ചിത സമയത്തിനു മുൻപുതന്നെ അതാതു തിരഞ്ഞെടുപ്പ് കേന്ദ്രത്തിൽ എത്തിച്ചേരുവാൻ അവരോട് ആവശ്യപ്പെടുകയും വേണം. മുകളിൽ കൊടുത്തിട്ടുള്ള നിർദ്ദേശപ്രകാരം തിരഞ്ഞെടുപ്പ് നടത്തുവാൻ സഹകരിക്കുകയും, വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് ബന്ധപ്പെട്ട എല്ലാവരോടും പ്രത്യേകം അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| കൺവീനർ | : ഫാ. ജെയിംസ് പെരേപ്പാടൻ |
| കമ്മിറ്റിയംഗങ്ങൾ | : ഫാ. ജോസ് പൊള്ളയിൽ |
| | : ഫാ. വർഗീസ് (ബിജു) പെരുമായൻ |

## 2) വൈദികരുടെ സ്ഥലംമാറ്റം

അതിരൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന 13 വൈദികർക്ക് **2026 ജനുവരി മാസം 10-ാം** തീയതി ശനിയാഴ്ച ഇടവകകളിൽ നിയമനം നൽകുന്നതാണ്.

അതിരൂപതയിലെ വൈദികരുടെ പൊതുസ്ഥലം മാറ്റം **2026 ഫെബ്രുവരി മാസം 28-ാം** തീയതി ശനിയാഴ്ച ആയിരിക്കും.

## 3) MEETING SESSIONS

**രാവില 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 2.00 മണി വരെ**

| | |
|---|---|
| **പ്രസ്ബിറ്ററൽ കൗൺസിൽ:** | 2025 December 18, Thursday |
| | 2026 March 17, Tuesday |
| | 2026 July 14, Tuesday |
| | 2026 October 20, Tuesday |
| **പാസ്റ്ററൽ കൗൺസിൽ:** | 2026 January 24, Saturday |
| | 2026 May 23, Saturday |
| | 2026 October 17, Saturday |
| **പ്രസ്ബിത്തേരിയം:** | 2026 May 12, Tuesday |
| **വിയാനി ഡേ:** | 2026 August 03, Monday |

## 4) വൈദികർക്ക് വേണ്ടിയുള്ള തുടർപരിശീലനം

ഒക്ടോബർ മാസത്തിലെ *എറണാകുളം മിസ്സ*ത്തിൽ അറിയിച്ചിരുന്നതുപോലെ വൈദികർക്ക് വേണ്ടിയുള്ള തുടർപരിശീലനം *'Florentia'* 2025 നവംബർ മാസത്തിൽ നടത്തപ്പെടുന്നു. ഒരോ ബാച്ചിലും പങ്കെടുക്കേണ്ട വൈദികരുടെ പേരുകൾ ഒക്ടോബർ മാസത്തിലെ *എറണാകുളം മിസ്സ*ത്തിൽ കൊടുത്തിരിക്കുന്നത് പ്രകാരം സംബന്ധിക്കേണ്ടതാണ്. **നവംബർ 4-5 തീയതികളിൽ കാലടി ജീവാലയ ഫാമിലി പാർക്കിലും, നവംബർ 26-27 തീയതികളിൽ ചുണങ്ങംവേലി നിവേദിതയിലുമായി** നടത്തപ്പെടുന്ന പരിശീലന പരിപാടി ആദ്യ ദിവസം രാവിലെ 9.30-ന് ആരംഭിച്ച് പിറ്റേന്ന് വൈകിട്ട് 7.00 മണിക്ക് അത്താഴത്തോടെ അവസാനിക്കുന്നു.

## 5) 'EKAM CONNECT'

അതിരൂപതയിലെ അച്ചന്മാരുടെ ഫോൺ നമ്പർ, ഇ-മെയിൽ ഐഡി എന്നിവയോടുകൂടിയ കോൺടാക്ട് ബുക്ക് (EKAM Connect) തയ്യാറാക്കി ഫൊറോനകളിൽ എത്തിച്ചിട്ടുണ്ട്. അച്ചന്മാർ അതാതു ഫൊറോനകളിൽനിന്ന് കൈപ്പറ്റുമല്ലോ.

## 6) Priests' ID card

അച്ചന്മാരുടെ ID കാർഡിന് ആവശ്യമായ Passport ൽ നൽകിയിരിക്കുന്ന Official പേരും Passport Size ഫോട്ടോയും ഇനിയും നൽകാത്തവർ നവംബർ 15-ാം തീയതിക്കുമുമ്പായി 7736771383 (ഫാ. ഡോൺ മുളവരിയ്ക്കൽ) എന്ന നമ്പറിൽ Whatsapp ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# നിര്യാതനായി

## ഫാ. വർഗീസ് കട്ടയ്ക്കകത്തൂട്ട്



**ജനനം: 06/12/1941**
**തിരുപ്പട്ടം: 10/03/1967**
**മരണം: 25/10/2025**

ബഹുമാനപ്പെട്ട വർഗീസ് കട്ടയ്ക്കകത്തൂട്ട് അച്ചൻ 1941 ഡിസംബർ 6-ാം തീയതി മൂഴിക്കുളം വർക്കി-താണ്ടമ്മ ദമ്പതികളുടെ നാലു മക്കളിൽ ഒരാളായി ജനിച്ചു. ഔസേപ്പ്, ഫാ. പോൾ കട്ടയ്ക്കകത്തൂട്ട്, സി. റൊമാന എസ്.എ.ബി.എസ്. എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, കാർമ്മൽഗിരി സെമിനാരിയിൽ തത്വശാസ്ത്രവും മംഗലപുഴ സെമിനാരിയിൽ ദൈവശാസ്ത്രവും പഠിച്ച് വൈദിക പരിശീലനം പൂർത്തിയാക്കി. 1967 മാർച്ച് 10-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ ഇടപ്പള്ളി പള്ളിയിൽ സഹവികാരിയായും പാലാരിവട്ടം, പുതിയകാവ്, വെസ്റ്റ് ചേരാനല്ലൂർ, അശോകപുരം, പഴങ്ങനാട്, വെണ്ണല, കാക്കനാട്, വല്ലം, ആമ്പല്ലൂർ, ഫോർട്ട് കൊച്ചി, എടക്കുന്ന്, അകപ്പറമ്പ്, ആയത്തുപടി, കച്ചേരിപ്പടി, പീച്ചാനിക്കാട് എന്നിവിടങ്ങളിൽ വികാരിയായും മേലൂർ പള്ളിയിൽ റസിഡന്റ് പ്രീസ്റ്റ് ആയും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. കൂടാതെ, തൃക്കാക്കര മൈനർ സെമിനാരിയിൽ അദ്ധ്യാപകനായും അങ്കമാലി സുബോധനയിൽ സ്പിരിചൽ ഡയറക്ടർ ആയും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന വർഗീസ് അച്ചൻ ഒരാഴ്ചയായി അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു. ഹൃദയാഘാതംമൂലം 2025 ഒക്ടോബർ 25-ാം തീയതി ശനിയാഴ്ച രാവിലെ ബഹുമാനപ്പെട്ട വർഗീസ് കട്ടയ്ക്കകത്തൂട്ട് അച്ചൻ തന്റെ 83-ാം വയസിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ആശുപത്രിയിലെത്തി പ്രാർത്ഥിച്ചു.

ബഹുമാനപ്പെട്ട വർഗീസ് അച്ചന്റെ മൃതദേഹം ഒക്ടോബർ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 7.30-ന് എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ പൊതുദർശനത്തിനു വച്ചു. മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം പ്രീസ്റ്റ്സ് ഹോം ഡയറക്ടർ ബഹുമാനപ്പെട്ട പോൾ ചെറുപിള്ളി അച്ചൻ നടത്തി. തുടർന്ന്, ഉച്ചയ്ക്ക് 12.00 മണി വരെ മൂഴിക്കുളം കട്ടയ്ക്കകത്തൂട്ട് കുടുംബവീടായ റോസി ഔസേപ്പിന്റെ വീട്ടിൽ പൊതുദർശനത്തിന് വച്ചു. മൃതസംസ്കാരത്തിന്റെ രണ്ടാം ഭാഗം മൂഴിക്കുളം ഫൊറോനാ വികാരി പെ. ബഹുമാനപ്പെട്ട സേവ്യർ തേലക്കാട്ട് അച്ചൻ നിർവഹിച്ചു. ഉച്ചയ്ക്ക് 2.00 മണിക്ക് മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. വികാരി ജനറാൾ പെ. ബഹുമാനപ്പെട്ട ആന്റോ ചേരാംതുരുത്തിയച്ചൻ മുഖ്യകാർമികത്വം വഹിച്ചു. മോൺസിഞ്ഞോർ വർഗീസ് ഞാളിയത്ത്, ബ. ജെയിംസ് പെരേപ്പാടൻ, ബ. തോമസ് പെരേപ്പാടൻ, ബ. പോൾ ചക്യേൻ, ബ. ടോമി പാലാട്ടി, ബ. ബോണി കട്ടയ്ക്കകത്തൂട്ട് എന്നീ അച്ചന്മാർ സഹകാർമ്മികരായി.

സുവിശേഷവായനയ്ക്കുശേഷം കുടുംബാംഗമായ ബ. ബോണി കട്ടയ്ക്കകത്തൂട്ട് അച്ചൻ സുവിശേഷഗ്രന്ഥം മുത്തിച്ചു. വർഗീസ് അച്ചനോടൊപ്പം സുബോധനയിൽ ശുശ്രൂഷ ചെയ്ത ബ. ഷിനു ഉതുപ്പാൻ അച്ചനാണ് വിശുദ്ധ കുർബാന മദ്ധ്യേ സന്ദേശം നൽകിയത്. ദീർഘനാളത്തെ ആത്മബന്ധം വർഗീസ് അച്ചനുമായി തനിക്കുണ്ടെന്നും അതുകൊണ്ടുതന്നെ അച്ചന്റെ വിയോഗത്തിൽ തനിക്ക് ഏറെ ദുഃഖമുണ്ടെന്നും പറഞ്ഞുകൊണ്ടാണ് ഷിനു അച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്. അച്ചനെ കുറിച്ചോർക്കുമ്പോൾ സ്നേഹത്തിന്റെ കഥകളാണ് തനിക്ക് ഓർത്തെടുക്കാൻ സാധിക്കുന്നതെന്ന് ഷിനു അച്ചൻ പറഞ്ഞു. വല്ലം പള്ളിയിൽ വർഗീസ് അച്ചന്റെ അൾത്താരബാലനായിരുന്നുവെന്നും അച്ചൻ അന്നു നൽകിയ പ്രോത്സാഹനവും സ്നേഹവുമാണ് തന്നെ പൗരോഹിത്യത്തിലേക്ക് ആകർഷിച്ചതെന്നും ഷിനു അച്ചൻ പറഞ്ഞു. വർഗീസ് അച്ചൻ കുലീനത്തമുള്ള ഒരു വൈദീകനായിരുന്നു. അദ്ദേഹത്തിന്റെ ചിട്ടയായ ജീവിതം അതിനു സാക്ഷ്യം നൽകുന്നതാണ്. വർഗീസ് അച്ചന് കുടുംബാംഗങ്ങളുമായുള്ള ബന്ധം വളരെ ഹൃദ്യമാണ്. ബഹളങ്ങൾ ഇല്ലാതെ ആഴമുള്ള സൗഹൃദം സൂക്ഷിക്കുന്ന വൈദികനായിരുന്നു വർഗീസ് അച്ചൻ. സുവിശേഷത്തിന്റെ സ്പർശമുള്ള, അപരനെക്കുറിച്ച് കരുതൽ ഉള്ള, എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്ന വൈദീകനായിരുന്നു വർഗീസ് അച്ചൻ. ശാന്തതയോടെ തന്റെ അജപാലനശുശ്രൂഷകൾ ചെയ്ത വൈദികനായിരുന്നു അദ്ദേഹം. അതിരൂപത പ്രതിസന്ധികളിലൂടെ കടന്നുപോയപ്പോൾ അതിരൂപതയോട് ചേർന്നുനിൽക്കുകയും അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത വൈദികനാണ് അദ്ദേഹം. അച്ചന്റെ കൈയിൽ എപ്പോഴും ജപമാല ഉണ്ടായിരുന്നു. പരാതികളില്ലാത്ത, പരിഭവങ്ങളില്ലാത്ത വ്യക്തിത്വം അദ്ദേഹത്തിനുണ്ടായിരുന്നു. സെമിനാരിയിൽ ഒരു അദ്ധ്യാപകൻ എന്നതിനേക്കാൾ

സെമിനാരിക്കാരുടെ സ്നേഹിതനായിരുന്നു വർഗീസ് അച്ചൻ. വർഗീസ് അച്ചനുമായി ഒരു ആത്മീയ പിതൃ-പുത്രബന്ധമായിരുന്നു തനിക്കുണ്ടായിരുന്നതെന്ന് അനുസ്മരിച്ചുകൊണ്ടാണ് ഷിനു ഉതുപ്പാൻ അച്ചൻ സന്ദേശം അവസാനിപ്പിച്ചത്.

മൃതസംസ്കാരശുശ്രൂഷയുടെ അവസാന ഭാഗത്ത് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് സഹകാർമികനായിരുന്നു. അജപാലനശുശ്രൂഷയിൽ വർഗീസ് അച്ചൻ നടത്തിയ അദ്ധ്വാനത്തെയും സ്വീകരിച്ച ക്ലേശങ്ങളെയും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നന്ദിയോടെ സ്മരിച്ചു. പ്രിയപ്പെട്ട വർഗീസ് അച്ചാ, അങ്ങു നൽകിയ സ്നേഹം നിറഞ്ഞതും ശാന്തവുമായ ജീവിതമാതൃകയ്ക്കു മുന്നിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!!!

**മരണം (Death - CCC 1005-1019)**

- ആത്മാവിന്റെ വേർപാട്: മരണം എന്നത് ആത്മാവും ശരീരവും തമ്മിലുള്ള വേർപാടാണ്. ശരീരത്തിൽ നിന്ന് വേർപിരിഞ്ഞ ശേഷവും അനശ്വരമായ ആത്മാവ് നിലനിൽക്കുന്നു.
- ക്രിസ്തുവിൽ മരിക്കുക: ക്രിസ്തുവിനോടൊപ്പം ഉയിർക്കാൻ, നാം ക്രിസ്തുവിൽ മരിക്കണം. മരണം എന്നത് ക്രിസ്ത്യാനിക്ക്, കർത്താവിന്റെ അടുത്തേക്കുള്ള 'പുറപ്പാട്' ആണ്.
- മരണത്തോടുള്ള സമീപനം: ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്തിലുള്ള വിശ്വാസം കാരണം, ക്രിസ്ത്യാനിക്ക് മരണത്തെ ഭയത്തോടെയല്ല, മറിച്ച്, സമാധാനത്തോടെയും പ്രത്യാശയോടെയും സമീപിക്കാൻ കഴിയും.

**ശുദ്ധീകരണസ്ഥലം (Purgatory - CCC 1030-1032)**

- അന്തിമ ശുദ്ധീകരണം: ദൈവകൃപയിലും സൗഹൃദത്തിലും മരിച്ചെങ്കിലും, പൂർണ്ണമായി പരിശുദ്ധരല്ലാത്ത ആത്മാക്കൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനു മുൻപ് ആവശ്യമായ അന്തിമ ശുദ്ധീകരണം ലഭിക്കുന്ന അവസ്ഥയാണിത്.
- നിത്യരക്ഷ ഉറപ്പ്: ശുദ്ധീകരണസ്ഥലത്തുള്ളവർ നിത്യരക്ഷയിൽ എത്തിച്ചേരുമെന്ന് ഉറപ്പുണ്ട്. അവരുടെ ശുദ്ധീകരണത്തിനായി പ്രാർത്ഥനകളിലൂടെയും മറ്റ് സുകൃതകൃത്യങ്ങളിലൂടെയും ജീവിച്ചിരിക്കുന്നവർക്ക് സഹായിക്കാൻ കഴിയും.

# വാർത്തകളും വിശേഷങ്ങളും

## ക്രിസ്തുവിനോട് ചേർന്ന് ക്രൈസ്തവസാക്ഷ്യമേകി ജീവിക്കാൻ യുവജനങ്ങളെ ആഹ്വാനം ചെയ്ത് ലിയോ പതിനാലാമൻ പാപ്പാ

2025 നവംബർ 23-ന് ആചരിക്കപ്പെടുന്ന നാൽപ്പതാമത് ആഗോളയുവജന ദിനത്തിലേക്ക് നൽകിയ സന്ദേശത്തിൽ, ക്രിസ്തുവിനോടൊപ്പമുള്ള ജീവിതത്തിനും, ലോകത്ത് വിശ്വാസസാക്ഷ്യത്തിനും യുവജനങ്ങളെ ആഹ്വാനം ചെയ്ത് ലിയോ പതിനാലാമൻ പാപ്പാ. ജൂബിലിയുടെ അവസരത്തിൽ റോമിലെത്തിയ യുവജനങ്ങൾക്ക്, ഒക്ടോബർ 7-ന് ഒപ്പിട്ട ആഗോളയുവജനദിനത്തിലേക്കുള്ള തന്റെ പ്രഥമസന്ദേശത്തിലൂടെ പാപ്പാ നന്ദി പറഞ്ഞു. ലോകം നേരിടുന്ന ദുരിതങ്ങളുടെയും, ലോകത്തിന്റെ പ്രതീക്ഷ കളുടെയും മുന്നിൽ യേശുക്രിസ്തുവിലേക്ക് കണ്ണുകൾ നട്ട് ജീവിക്കാനും, കുരിശിൽ വച്ച് അമ്മയായി അവനേകിയ പരിശുദ്ധ അമ്മയോടുള്ള ബന്ധം കാത്തുസൂക്ഷിക്കാനും, ലോകത്ത് ക്രൈസ്തവസാക്ഷ്യമേകാനും യുവജന ങ്ങളെ ലിയോ പതിനാലാമൻ പാപ്പ ആഹ്വാനം ചെയ്തു. ജപമാലരാജ്ഞി യായ പരിശുദ്ധ അമ്മയുടെ തിരുനാൾ ആഘോഷിക്കുന്ന അവസരത്തിലാണ് ഇത്തരമൊരു ആഹ്വാനം പാപ്പാ നൽകിയത്.

ദൈവത്തിൽനിന്നുള്ള അനുഗ്രഹമായി നമുക്ക് ലഭിക്കുന്ന ക്രിസ്തുവുമായുള്ള സ്നേഹം അനുഭവിക്കുന്ന വ്യക്തികളെന്ന നിലയിൽ, ലോകത്ത് ക്രൈസ്തവ വിശ്വാസത്തിന് സാക്ഷികളാകാനും, സമൂഹങ്ങളിൽ സമാധാനത്തിന്റെ വക്താക്കളാകാനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതെന്ന് പാപ്പാ യുവജന ങ്ങളെ ഓർമ്മിപ്പിച്ചു. ക്രിസ്തുവിനോടൊത്തായിരിക്കാനും, അതുവഴി അവനുമായുള്ള സ്നേഹത്തിൽ വളരാനും ഉള്ള വിളിയെക്കുറിച്ച് പരാമർശിച്ച പാപ്പാ, തത്വപരമായ പ്രഭാഷണങ്ങളും ആശയകൈമാറ്റങ്ങളും കൊണ്ട് മാത്രമല്ല, ആന്തരികമായ പരിവർത്തനം കൊണ്ട് കൂടി വേണം നാം സാക്ഷ്യം നൽകേണ്ടതെന്ന് തന്റെ സന്ദേശത്തിൽ എഴുതി. എല്ലാ വിധത്തിലും സ്വതന്ത്രരായിരുന്നുകൊണ്ട്, എല്ലാ അധികാരങ്ങളുടെയും ശക്തികളുടെയും മുന്നിലും വിശ്വാസത്തിന് സാക്ഷ്യം നൽകാൻ യുവജനങ്ങൾക്ക് സാധിക്ക ണമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. നമ്മെ രക്ഷിക്കുന്ന ക്രിസ്തുവിലേക്ക് വിരൽചൂണ്ടുകയാണ് യഥാർത്ഥ ക്രൈസ്തവസാക്ഷ്യം എന്നതുകൊണ്ട് നാം ഉദ്ദേശിക്കുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

## വിശുദ്ധ ദേവസഹായം ഇനി ഇന്ത്യയിലെ അൽമായരുടെ മധ്യസ്ഥൻ

ഇന്ത്യയിലെ അൽമായരുടെ മധ്യസ്ഥനായി വിശുദ്ധ ദേവസഹായത്തെ പ്രഖ്യാപിച്ചു. ആരാധനയും കൂദാശകളുമായി ബന്ധപ്പെട്ട വത്തിക്കാൻ ഡിക്കാസ്റ്ററി മുഖേനയാണ് ലിയോ 14-ാമൻ മാർപാപ്പ ഇന്ത്യയിലെ അൽമായരുടെ മധ്യസ്ഥനായി വിശുദ്ധ ദേവസഹായത്തെ അംഗീകരിച്ചത്. നേരത്തെ, ഭാരതത്തിലെ ലത്തീൻ മെത്രാൻസമിതിയായ കോൺഫ്രൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ (സിസിബിഐ) ഇതുമായി ബന്ധപ്പെട്ട നിവേദനം വത്തിക്കാന് സമർപ്പിച്ചിരുന്നു

2025 ജൂലൈ 16 നാണ് വത്തിക്കാൻ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. ഇതുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രഖ്യാപനം 2025 ഒക്ടോബർ 15-ന് വാരണാസിയിലെ സെന്റ് മേരീസ് കത്തീഡ്രലിൽ ദിവ്യബലി മദ്ധ്യേ നടക്കും. എല്ലാ രൂപതകളിലും ഇടവകകളിലും ഈ ചരിത്ര നിമിഷം ആഘോഷിക്കാനും ഇന്ത്യയിലുടനീളം വിശുദ്ധ ദേവസഹായത്തോടുള്ള ഭക്തി സജീവമായി പ്രോത്സാഹിപ്പിക്കാനും ആർച്ചുബിഷപ്പുമാരെയും, ബിഷപ്പുമാരെയും, ഇടവക വൈദികരെയും, സന്യാസിസന്ന്യാസിനിമാരെയും, അൽമായ വിശ്വാസികളെയും ക്ഷണിച്ചുകൊണ്ട് സിസിബിഐ പ്രസിഡന്റ് കർദിനാൾ ഫിലിപ്പ് നേരി ഫെറാവോ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

## സഭയിൽ ദൈവമക്കളുടെ കുടുംബം എന്നുള്ള അനുഭവം സംലഭ്യമാകണം: പാപ്പാ

വടക്കേ ഇറ്റലിയിലെ വിവിധ രൂപതകളിൽ നിന്നും, ജൂബിലി തീർത്ഥാടനത്തിനായി റോമിൽ എത്തിയവരെ, പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ, ഒക്ടോബർ മാസം പതിനൊന്നാം തീയതി, വത്തിക്കാൻ ചത്വരത്തിലെ, സദസിൽ സ്വീകരിച്ചു. തൊസ്ക്കാന പ്രവിശ്യയിലെ രൂപതകളിൽ നിന്നും, കാമരീനോ-സാൻ സെവെറിനോ മാർക്കെ, ഫാബ്രിയാനോ-മതേലീക്ക, ലഞ്ചാനോ-ഓർത്തോണ, സാൻ സെവെറോ രൂപതകളിൽ നിന്നുമുള്ളവരായിരുന്നു തീർത്ഥാടകർ.

ക്രൈസ്തവ ശിഷ്യത്വത്തിന്റെയും, കൂട്ടായ്മയുടെയും മാനം പ്രകടമാക്കികൊണ്ട്, ഏവരും ചേർന്ന് വിശ്വാസം പ്രഘോഷിക്കുവാനുള്ള അവസരമാണ്, ജൂബിലി തീർത്ഥാടനമെന്നു പാപ്പാ എടുത്തുപറഞ്ഞു. ക്രിസ്തുവിന്റെ സഭ രൂപതകൾ പോലുള്ള യാഥാർത്ഥ്യങ്ങളിലാണ് വെളിപ്പെടുന്നതെന്നും, എന്നാൽ സ്ഥാപിതമായ അതിരുകൾക്കപ്പുറം ദൈവത്തിന്റെ മക്കളുടെ ഏക കുടുംബമാണ് നമ്മൾ എന്നുള്ള അനുഭവമാണ്, കത്തോലിക്കാ സഭ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്നും പാപ്പാ ചൂണ്ടിക്കാട്ടി.

കരകൗശല നൈപുണ്യത്തിന്റെയും ചെറുകിട, ഇടത്തരം വ്യവസായത്തിന്റെയും കേന്ദ്രമെന്ന നിലയിൽ ഒരുകാലത്ത് അറിയപ്പെട്ടിരുന്ന ഈ ദേശങ്ങളിൽ, എന്നാൽ ഇന്ന്, സാമ്പത്തിക പ്രതിസന്ധി നിരവധി തൊഴിലാളികളെ പിരിച്ചുവിടാൻ നിർബന്ധിക്കുന്ന അവസ്ഥ ഏറെ വേദനാജനകമാണെന്നു പാപ്പാ പറഞ്ഞു. ഇവിടെ, നിശ്ചലമായി തുടരരുതെന്നും ആളുകളുടെ, പ്രത്യേകിച്ച് ദരിദ്രരുടെ ജീവിതത്തെക്കുറിച്ച് ശ്രദ്ധാലുവായ ഒരു സഭയുടെ മുഖം രൂപപ്പെടുത്താൻ സഭാ അംഗങ്ങൾക്ക് സാധിക്കട്ടെയെന്നും പാപ്പാ ആശംസിച്ചു.

## ഇറ്റലിയിലേക്ക് ആദ്യ ഔദ്യോഗിക സന്ദർശനം; പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തി ലിയോ 14-ാമൻ മാർപാപ്പ

ഇറ്റലിയിലേക്ക് നടത്തിയ ആദ്യ ഔദ്യോഗിക സന്ദർശനത്തിൽ ഇറ്റാലിയൻ പ്രസിഡന്റ് സെർജിയോ മാറ്ററെല്ലയുമായി കൂടിക്കാഴ്ച നടത്തി ലിയോ പതിനാലാമൻ മാർപാപ്പ. ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തമായ ബന്ധവും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ശാശ്വത സമാധാനത്തിനായി ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും ചർച്ചാവിഷയമായി. വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയത്രോ പരോളിൻ, വത്തിക്കാൻ സിറ്റി സ്റ്റേറ്റ് പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റ് സിസ്റ്റർ റാഫേല പെട്രിനി എന്നിവരും പാപ്പയുടെ സംഘത്തിലുണ്ടായിരുന്നു.

ഇറ്റലിയും മാർപാപ്പമാരും തമ്മിലുള്ള 'ആത്മാർത്ഥ സൗഹൃദത്തെയും ഫലപ്രദമായ പരസ്പര സഹകരണത്തെയും' പരാമർശിച്ച പാപ്പ മിഡിൽ ഈസ്റ്റും യൂറോപ്പും ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ സമാധാന പ്രക്രിയകൾക്ക് ഇരു രാജ്യങ്ങളും സംഭാവന നൽകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. യുദ്ധവും ദാരിദ്ര്യവും മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള ഇറ്റാലിയൻ സർക്കാരിന്റെ പ്രതിബദ്ധതയെ, പ്രത്യേകിച്ച് ഗാസയിലെ കുട്ടികൾക്ക് നൽകുന്ന പിന്തുണയെ, ലിയോ പാപ്പ അഭിനന്ദിച്ചു. അതേസമയം ഇസ്രായേൽ-ഹമാസ് വെടിനിർത്തൽ കരാർ പ്രാബല്യത്തിൽ വന്നതിനുശേഷം ഗാസയിലേക്ക് മാനുഷിക ഇടനാഴികൾ തുറന്നതിനെത്തുടർന്ന് പരിശുദ്ധ പിതാവ് ഗാസയിലെ കുട്ടികൾക്കായി 5,000 ഡോസ് ആന്റിബയോട്ടിക്കുകൾ സംഭാവന ചെയ്തു.

തന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ, ഇറ്റലിയുടെ ജനനനിരക്ക് കുറയുന്നതിലേക്ക് പരിശുദ്ധ പിതാവ് ശ്രദ്ധ ക്ഷണിച്ചു. കുടുംബത്തിന് അനുകൂലമായി എല്ലാ തലങ്ങളിലും തിരഞ്ഞെടുപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ജീവിതത്തെ അതിന്റെ എല്ലാ ഘട്ടങ്ങളിലും ഉയർത്തിപ്പിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും സംയോജിത ശ്രമം നടത്തണമെന്ന് പാപ്പ ആഹ്വാനം ചെയ്തു.

# AICO

## (Archdiocesan Institutions' Central Office)

### Career Opportunities at AICO

AICO invites applications from qualified, experienced and dedicated professionals to join our administrative and support team in the following positions:

1. **HR Manager**
   To lead HR functions including recruitment, training, employee relations and statutory compliance.
   Qualification: Post Graduate in HRM / Personnel Management.
   Experience: Minimum 10 years in institutional or corporate HR management.

2. **Finance Manager**
   To oversee budgeting, financial reporting and fund management of all institutions .
   Qualification: CA / ICWA / M.Com.
   Experience: Minimum 10 years in accounts and finance administration.

3. **Audit Manager**
   To plan and conduct internal audits, ensure financial discipline and assist in compliance monitoring.
   Qualification: CA (Inter) / M.Com.
   Experience: Minimum 10 years in internal or statutory audit.

Candidates should possess good communication skills, proficiency in computer applications and integrity in professional dealings.

- Apply with detailed resume and recent photograph on or before 20th November 2025: **hr.aicoekm@gmail.com**
- Retired hands with relevant experience may also apply.

## ബോർഡ് മീറ്റിംഗുകൾ

| | |
|---|---|
| ഒക്ടോബർ 07 | 1. എറണാകുളം ആർച്ച്ഡയോസിയൻ പബ്ലിക്കേഷൻ ട്രസ്റ്റ്<br>2. ഭാരത മാതാ കോളേജ് എഡ്യൂക്കേഷണൽ ട്രസ്റ്റ് |
| ഒക്ടോബർ 23 | നൈപുണ്യ ഇന്റർനാഷണൽ |

## സൈറ്റ് വിസിറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ്

| | |
|---|---|
| സെപ്റ്റംബർ 24 | 1. പ്രീസ്റ്റ് ഹോം, എടക്കുന്ന്<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| സെപ്റ്റംബർ 26 | ദേവികുളം പ്രോപ്പർട്ടി, മൂന്നാർ |
| സെപ്റ്റംബർ 27 | ലിസി ഹോസ്പിറ്റൽ |
| സെപ്റ്റംബർ 29 | 1. സെന്റ് മേരീസ് ചർച്ച്, സ്രാമ്പിക്കൽ<br>2. ഭാരത മാതാ കോളേജ്, തൃക്കാക്കര<br>3. വെൽഫെയർ സർവ്വീസസ്, എറണാകുളം |
| സെപ്റ്റംബർ 30 | ലിസി മെഡിസിറ്റി, കലൂർ |
| ഒക്ടോബർ 01 | 1. നിവേദിത, ചുണങ്ങംവേലി<br>2. ലൂർദ് സെന്റർ, ആലുവ |
| ഒക്ടോബർ 03 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഒക്ടോബർ 06 | 1. കാർഡിനൽ സ്കൂൾ, തൃക്കാക്കര<br>2. സ്നേഹശുശ്രൂഷാലയം, ചിറ്റൂർ |
| ഒക്ടോബർ 07 | വെൽഫെയർ സർവ്വീസസ്, എറണാകുളം |
| ഒക്ടോബർ 09 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ഒക്ടോബർ 10 | സേക്രഡ് ഹാർട്ട് ചർച്ച്, ഐമുറി |
| ഒക്ടോബർ 13 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| ഒക്ടോബർ 14 | നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, ചേർത്തല |
| ഒക്ടോബർ 15 | നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര |
| ഒക്ടോബർ 18 | 1. ഷോപ്പിംഗ് കോംപ്ലക്സ്, കളമശ്ശേരി<br>2. ഷോപ്പിംഗ് കോംപ്ലക്സ്, ആലുവ |

**ഫാ. ആന്റോ ചേരാംതുരുത്തി**
**സിഞ്ചെല്ലൂസ്**

# വിശ്വാസപരിശീലനകേന്ദ്രം

I. **ഒന്നാം സെമസ്റ്റർ പരീക്ഷ:**

**A. പരീക്ഷ:**

1. **2025–2026 വിശ്വാസപരിശീലന വർഷത്തിലെ Std. I - XII ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 02 ഞായറാഴ്ച 10.30am - 12.30pm** വരെയാണ്.

2. ഓരോ ക്ലാസ്സിന്റേയും പരീക്ഷാ **Syllabus** വചനദീപത്തിൽ കാണുക:
   ക്ലാസ്സ് IV - IX വചനദീപം, പേജ് 33–34
   ക്ലാസ്സ് X വചനദീപം, പേജ് 38
   ക്ലാസ്സ് XI - XII വചനദീപം, പേജ് 45

3. **നവംബർ 01–**ന് ഫൊറോനാ കേന്ദ്രത്തിൽ നിന്ന് ചോദ്യപേപ്പറുകൾ ലഭിക്കും. ചോദ്യപേപ്പറുകൾ വാങ്ങുമ്പോഴും, ഉത്തരക്കടലാസ്സുകളും സ്കോളർഷിപ്പ് പേപ്പറുകളും തിരികെ ഏൽപിക്കുമ്പോഴും ഫൊറോനാ സെക്രട്ടറിയുടെ പക്കലുള്ള രേഖയിൽ ഒപ്പിടേണ്ടതാണ്.

4. സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പ് പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനാൽ മറ്റു സമയങ്ങളിൽ ക്ലാസ്സ് നടത്തുന്നവരും 10.30am മുതൽ 12.30pm വരെ എന്നുള്ള പരീക്ഷാ സമയം നിർബന്ധമായും പാലിക്കണം. **സമയം തെറ്റിച്ച് പരീക്ഷ നടത്തുന്ന യൂണിറ്റുകൾ സ്കോളർഷിപ്പിന് അർഹരല്ല. അവർ ഉത്തരക്കടലാസ്സുകൾ ഫൊറോനാ കേന്ദ്രത്തിൽ നൽകുവാനും പാടില്ല.**

5. I, II, III ക്ലാസ്സുകളിലേക്കുള്ള മാതൃകാ ചോദ്യപേപ്പർ **ഒക്ടോബർ 18 ശനിയാഴ്ച** മുതൽ Caticorp-ൽ ലഭ്യമാണ്. അതിൽനിന്നും ആവശ്യമായ ചോദ്യങ്ങൾ സെലക്റ്റ് ചെയ്ത് വാചിക പരീക്ഷ നടത്തുക.

6. ചോദ്യക്കടലാസ്സുകൾ എണ്ണത്തിൽ കുറവാണെങ്കിൽ പരീക്ഷാദിവസം (02/11/2025) രാവിലെ 10.30 മുതൽ Caticorp-ൽ Parish ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ചോദ്യക്കടലാസ്സുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

7. X & XII ക്ലാസ്സുകളിലെ ഉത്തരക്കടലാസ് പരിശോധന, മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസ്സുകൾ വേർതിരിച്ചു നൽകേണ്ട വിധം, A+ Grade & സ്കോളർഷിപ്പ്, ഉത്തരക്കടലാസ് പുനഃപരിശോധന എന്നിവയെപ്പറ്റി അറിയാൻ *വചനദീപം* പേജ് 40–41 വായിക്കുക.

8. IV - IX, XI ക്ലാസ്സുകളിലെ പരീക്ഷയുടെ മാർക്കുകളും ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകളും X, XII ക്ലാസ്സുകളിലെ ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകളും ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി നവംബർ 16.

9. **പരീക്ഷാസംബന്ധമായ കാര്യങ്ങൾ വ്യക്തമായി അറിയുവാനും മനസ്സിലാക്കുവാനും Website: www.catechismernakulam.com-ൽ Syllabus-**ൽ ക്ലിക്ക് ചെയ്യുക.

**B. മൂല്യനിർണ്ണയം**:

1. IV മുതലുള്ള ക്ലാസ്സുകളിലെ Answer Key പരീക്ഷാദിവസം (02/11/2025) ഉച്ചകഴിഞ്ഞ് **1 pm**-ന് Caticorp-ൽ Parish ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

2. IV മുതൽ IX വരെയും XI-ലെയും ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ IV - IX: 35-ൽ 28-ഉം, XI: 40-ൽ 32-ഉം) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സുകളും മാർക്ക് ലിസ്റ്റും നവംബർ 9-ാം തീയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഉത്തരക്കടലാസിൽ എഴുത്തുപരീക്ഷയുടെ മാർക്കും ഇന്റേണൽ അസസ്സ്മെന്റ് മാർക്കും വെവ്വേറെ രേഖപ്പെടുത്തേണ്ടതാണ്. **മാർക്ക് ലിസ്റ്റിൽ പള്ളിയുടെ സീലും വികാരി അച്ചന്റെ ഒപ്പും ഉണ്ടായിരിക്കണം. ഇതില്ലാത്ത ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല**. ഈ ഉത്തരക്കടലാസ്സുകൾ വീണ്ടും അതിരൂപതാതലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. **IV – IX, XI ക്ലാസ്സുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് മാർക്ക് വിവരങ്ങൾ കാറ്റികോർപ്പിൽ നൽകിയിരിക്കുന്ന Scholarship data table ഇടവകയിൽ പ്രിന്റ് ചെയ്ത്, അതിലാണ് എഴുതി നൽകേണ്ടത്.**

3. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക (വചനദീപം, പേജ് 37-38, 41, 46). സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശതമാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്. രണ്ടാം സെമസ്റ്ററിനു ശേഷമാണ് ഹാജർ ശതമാനം മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടത്.

4. X & XII ക്ലാസ്സുകളിലെ ഉത്തരക്കടലാസ് പരിശോധന ഫൊറോനാ തലത്തിലാണ് നടത്തുക. ഈ ക്ലാസ്സുകളിലെ ഉത്തരക്കടലാസ്സുകളുടെ പരിശോധന നവംബർ 14-നു മുമ്പ് നടത്തി മാർക്ക് ലിസ്റ്റുകളും, 80 ശതമാനവും അതിൽ കൂടുതലും മാർക്ക് കിട്ടിയ കുട്ടികളുടെ ഉത്തര

ക്കടലാസ്സുകളും, IED കുട്ടികളുടെ പേപ്പറുകളും, Complaint പേപ്പറുകളും പ്രത്യേകം കവറുകളിലാക്കി അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണം. (വചനദീപം, പേജ് 40,41 നോക്കുക).

5. **X & XII ക്ലാസ്സുകളിലെ ഉത്തരക്കടലാസ് പുനഃപരിശോധന:** റിസൾട്ട് പ്രസദ്ധീകരിച്ച് 15 ദിവസത്തിനകം വികാരിയച്ചന്റെ കത്തും 100 രൂപ ഫീസോടുംകൂടി അതിരൂപതാ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ കുട്ടിയുടെ പേരും ഇടവകയും രജിസ്റ്റർ നമ്പറും വ്യക്തമായി രേഖപ്പെടുത്തണം. 15 ദിവസത്തിന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**C. പുനഃപരീക്ഷ:**

1. നവംബർ 02-ന് പരീക്ഷയെഴുതാൻ സാധിക്കാത്ത കുട്ടികൾക്കും ജയിക്കാത്തവർക്കും (Std IV - IX, XI) ഇടവകയിൽ തന്നെ പുനഃപരീക്ഷ പതിവുപോലെ നടത്താവുന്നതാണ്. അവർക്ക് സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല.

2. **X, XII ക്ലാസ്സുകളിലെ പുനഃപരീക്ഷ 2026 ഏപ്രിൽ 19-ന്** ആയിരിക്കും. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

II. **വിശ്വാസപരിശീലകരുടെ ദിനാഘോഷം:** 2025 നവംബർ 04-ാം തീയതി ചൊവ്വാഴ്ച്ച വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനമാണ്. ഇടവകകളിൽ നവംബർ 09-ാം തീയതി വിശ്വാസപരിശീലകരുടെ ദിനമായി ആഘോഷിക്കുന്നു. അദ്ധ്യാപകരെ ആദരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

III. **നവംബർ 23 ക്രിസ്തുവിന്റെ രാജത്വ തിരുനാൾ (പ്രഘോഷണദിനം)**

IV. **പ്രതിഭാസംഗമം** - കാറ്റിക്കിസം ഡിപ്ലോമ രണ്ടാംവർഷ കുട്ടികൾക്കുവേണ്ടിയുള്ള പ്രതിഭാസംഗമം 2025 നവംബർ 29-ാം തീയതി ശനിയാഴ്ച രാവിലെ 09.30am മുതൽ 04pm വരെ കലൂർ റിന്യുവൽ സെന്ററിൽവച്ച് നടക്കുന്നതായിരിക്കും.

V. 2025 **നവംബർ മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ**

നവംബർ 16 ഞായർ: എലൈവ് - കൊരട്ടി ഫൊറോന

നവംബർ 16 ഞായർ: എൻലൈറ്റ് - അങ്കമാലി ഫൊറോന

നവംബർ 23 ഞായർ: എലൈവ് - ഇടപ്പള്ളി ഫൊറോന

നവംബർ 23 ഞായർ: എൻലൈറ്റ് - എറണാകുളം ഫൊറോന

VI. വിശ്വാസപരിശീലന ഫൊറോനാ ഡയറക്ടർമാരായി സേവനം പൂർത്തിയാക്കിയശേഷം പുതിയ ഉത്തരവാദിത്വങ്ങളിലേക്ക് പ്രവേശിച്ച ഫാ. ഡെന്നി കാട്ടയിൽ (അങ്കമാലി), ഫാ. റിജു വെളിയിൽ (ഇടപ്പള്ളി), ഫാ. സനു പുതുശ്ശേരി (എറണാകുളം), ഫാ. അഗസ്റ്റിൻ ഭരണികുളങ്ങര (കാഞ്ഞൂർ), ഫാ. ജോസ് ചോലിക്കര (കിഴക്കമ്പലം), ഫാ. ജിനു ചെത്തിമറ്റം (മഞ്ഞപ്ര) എന്നിവർക്ക് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്ന് കൃതജ്ഞത.

പുതിയ ഫൊറോനാ വിശ്വാസ പരിശീലന ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുത്ത ഫാ. ജോസഫ് പാത്താടൻ (അങ്കമാലി), ഫാ. സാജോ പടയാട്ടി (ഇടപ്പള്ളി), ഫാ. വർഗ്ഗീസ് പാലാട്ടി (എറണാകുളം), ഫാ. അനിൽ കിളിയേൽകുടി (കാഞ്ഞൂർ), ഫാ. ജെയ്സൺ കൊളുത്തുവള്ളി (കിഴക്കമ്പലം), ഫാ. ഡൊമിനിക് കാച്ചപ്പിള്ളി (മഞ്ഞപ്ര) എന്നിവർക്ക് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ആശംസകൾ.

## Pope Francis Memorial വീഡിയോ ഇന്റർവ്യൂ മത്സരം

''വിശ്വാസ പരിശീലനം, മാറ്റം അനിവാര്യമോ'' എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതയിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി നടത്തിയ വീഡിയോ ഇന്റർവ്യൂ മത്സരത്തിൽ വിജയികളായവർ–

I Prize : Jennifer Jose (St. Mary's Church, Carmelgiri) - Rs. 10000

II Prize : Aardra Anand (Little Flower Church, Kaprassery) - Rs. 7500

III Prize : Helga Silju (St. James Church, Poonithura) - Rs. 5000

Consolation Prize : Alona Rose (Little Flower Church, Kaprassery) Prize - Rs. 1000

വിജയികൾക്കായുള്ള സമ്മാനങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്നത് റവ. ഫാ. പോൾ കോട്ടയ്ക്കൽ (Sr.).

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഡിപ്പാർട്ട്മെൻറ് ഓഫ് ബൈബിൾ അപ്പോസ്തലേറ്റ്

## ജൂബിലി ലോഗോസ് ക്വിസ് 2025

2025-ലെ ജൂബിലി ലോഗോസ് ക്വിസ് പരീക്ഷയിൽ ഉന്നത വിജയം നേടിയ എല്ലാവർക്കും അഭിനന്ദനങ്ങൾ! ചോദ്യപേപ്പറുകൾ പാക്ക് ചെയ്യാനും ഉത്തരപേപ്പറുകൾ നോക്കി റിസൽട്ട് തയ്യാറാക്കാനും സഹായിച്ചവർക്കും നന്ദി.

### അവാർഡ് ദാനം

2025 ഡിസംബർ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെ കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ഒന്നാം റാങ്ക് മുതൽ അഞ്ചാം റാങ്ക് വരെ കരസ്ഥമാക്കിയവർക്കും മറ്റ് അവാർഡുകൾ നേടിയവർക്കും അന്നേദിവസം അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും.

**ആദ്യ മൂന്ന് റാങ്കുകൾ കരസ്ഥമാക്കിയവർ:**

**Category - A**
- 1st - Juwel Maria Poulose, Edakkunnu Parish
- 2nd - Ester Mariam Biju, Edakkunnu Parish
- 3rd - Clare Joseph, Thrikkakara Parish

**Category - B**
- 1st - Ann Maria Davis, Meloor Parish
- 2nd - Ann Tojo, Thrikkakara Parish
- 3rd - Dionna Dipu, Padamugal Parish

**Category - C**
- 1st - Nify G. Paul, Kakkanad parish
- 2nd - Danny George, Alangad Parish
- 3rd - Sr. Jees Maria FSC, Asokapuram Parish

**Category - D**
- 1st - Geo George, Vallakam Parish
- 2nd - Lissy Biju, Kadukutty Parish
- 3rd - Julie Shaji, Thannippuzha Parish

**Category - E**
- 1st - Jessy Jose, Amalapuram Parish
- 2nd - Lissy James, Kalayamthukunnu Parish
- 3rd - Dr. Jolly Paul, Njarallor Parish

**Category - F**

1st - Lissy Jose, Mambra Parish
2nd - Chechamma Jojo, Elamkulam Parish
3rd - Leesamma Joseph, Carmelgiri Parish

അതിരൂപതലത്തിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ കിട്ടിയവർക്കുള്ള സെമിഫൈനൽ പരീക്ഷ 2025 നവംബർ 9-ന് ഉച്ചയ്ക്ക് 1.30-ന് ആലുവ സെന്റ് ഫ്രാൻസിസ് സ്കൂളിൽ നടത്തപ്പെടുന്നു.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

---

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## അറിയിപ്പുകൾ

| | |
|---|---|
| നവംബർ 01 | ട്രാൻസ് ജെൻഡർ വ്യക്തികൾക്കായി മെഡിക്കൽ ക്യാമ്പ് - വൈറ്റില ട്രാൻസ് ജെൻഡർ ക്ലിനിക്കിൽ |
| നവംബർ 08 | വിദ്യാദർശൻ കുട്ടികൾക്കായി വ്യക്തിത്വ വികസന പരിശീലനം - ചേർത്തല |
| നവംബർ 09 | വിദ്യാർത്ഥികൾക്കായി മാനസികാരോഗ്യ ക്ലാസ്സ് - മരട് വി. ജാന്ന പള്ളി |
| നവംബർ 14 | കുട്ടികൾക്കായി മാനസികാരോഗ്യ സെമിനാർ - പൊന്നുരുന്നി സി. കെ. സി. സ്കൂൾ |
| നവംബർ 16 | പാവങ്ങളുടെ ദിനാചരണം - പൊന്നുരുന്നി. |

### ഡിസെബിലിറ്റി സ്ക്രീനിംഗ് സർവേ

തൃക്കാക്കര ഭാരത മാതാ കോളേജ് സോഷ്യൽ വർക്ക് വിഭാഗത്തിന്റെ സഹകരണത്തോടെ ആലുവ ദേശം മേഖലയിൽ ഡിസെബിലിറ്റി സ്ക്രീനിംഗ് സർവേ സംഘടിപ്പിക്കുന്നു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs for November 2025**

- Start your academic journey in Germany — apply now for the Summer 2026 intake at top-ranked German universities offering world-class education in English and German.
- Don't miss your chance — applications are still open for the January 2026 intake at leading UK universities. Apply now and begin your studies in a world-class academic environment.
- Study in Lithuania or Italy and earn a high-quality European degree at an affordable tuition fee — world-class education without the high cost.
- New IELTS and NICE (Naipunnya International Communicative English) offline batches commence every Monday this November.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**November Programs**

- Italian (B1-B2) <u>Offline</u> batch starts November 3rd .
- German (A1) <u>Offline</u> batch starts November 3rd .
- German (B2) <u>Offline</u> batch starts November 17th.
- French (A1) <u>Online</u> batch starts November 3rd.
- Spanish (A1) <u>Online</u> batch starts November 3rd.
- Admissions are now open for Civil Service Regular, Sunday, Evening and Foundation batches 2025-2026.
- For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**November Programs**

1. **UGC NET /JRF** PAPER I & PAPER II –<u>Offline</u> Batch for 2025 DECEMBER exam. (Admissions now open for November batch).

2. **BANK** (IBPS, PO, CLERK, SO) –offline (New batch starts every Monday this November).
3. **SSC** (CGL, CHSL, MTS) –offline (New batch starts every Monday this November).
4. **CUET (**Common University Entrance Test) Online & Offline regular batches (Admissions are now open for November batch).
5. **RAILWAY RECRUITMENT BOARD**
   - Graduate level (New batch starts every Monday this November).
   - Undergraduate level (New batch starts every Monday this November).
6. **C MAT, K-MAT** Offline (Admissions are now open for next exam).
7. **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this November.
8. **LAW ENTRANCE** CLAT, KLEE, CUSAT –CAT-LLB (Online) Admissions are now open for November batch.

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

- IELTS, PTE & NICE (Naipunnya International Communicative English) New Offline batches commence every Monday this November. Reserve your seat and get started!

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**Fr. Saje Kannaparamban**
**Director**

# ഫാമിലി അപ്പോസ്തലേറ്റ്

**Family Apostolate Centre Ernakulam (FACE) (Reg.No.43/IV/2018)**
**Jeevalaya Family Park, Chengal,Kalady 683574.**
**Ph: 0484-2462607, 8281544111**

**Renewal Centre, Azad Road Kaloor, Ph: 0484-2533077**
**Web: www.jeevalaya.org, Email : jeevalayafamilypark@gmail.com**

## നവംബർ - ഡിസംബർ 2025

**വിവാഹ ഒരുക്ക ധ്യാനം (MPR)**

നവംബർ 03-05 (കലൂർ)
നവംബർ 11-13 (കാലടി)
നവംബർ 25-27 (കാലടി)
ഡിസംബർ 02-04 (കാലടി)
ഡിസംബർ 08-10 (കലൂർ)
ഡിസംബർ 16-18 (കാലടി)
ഡിസംബർ 20-22 (കാലടി)
ഡിസംബർ 27-29 (കലൂർ)

NB : വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ദമ്പതി ധ്യാനം** (Contact Number -8078334522)

നവംബർ 07-09 (20 ദമ്പതികൾക്ക് മാത്രം)

**Discipleship MCC**

നവംബർ 16

**ഏകസ്ഥ സംഗമം (വിധവകൾ, വിഭാര്യർ, അവിവാഹിതർ)**

നവംബർ 30 - അയിരൂർ

**വിധവാ ധ്യാനം** (Contact Number -9400929111)

നവംബർ 28-30

**ദമ്പതി കോൺഫറൻസ് 2025 (മേഖല തലം)**

അതിരൂപത കുടുംബപ്രേഷിത കേന്ദ്രം എം.സി.സി ദമ്പതി മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നാല് മേഖലകളിലായി ദമ്പതി കോൺഫറൻസ് നടത്തുന്നു,

**'വൈകാരിക സമന്വയം സൗഹൃദ ദാമ്പത്യത്തിന്'** എന്നതാണ് വിഷയം. ഇടവകയിൽ നിന്നും ഏതാനും ദമ്പതികളെയെങ്കിലും ഈ പരിപാടിയിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ!

**1. ഈസ്റ്റ് സോൺ**

ഫൊറോനകൾ – അങ്കമാലി, മഞ്ഞപ്ര, കാഞ്ഞൂർ, വല്ലം
തീയതി **– 2025 നവംബർ 23, ഞായറാഴ്ച**
സമയം – ഉച്ചകഴിഞ്ഞ് 02.30 മുതൽ 06.30 വരെ
സ്ഥലം **– വ്യാകുലമാതാ പള്ളി ഓഡിറ്റോറിയം, കൈപ്പട്ടൂർ**

**2. നോർത്ത് സോൺ**

ഫൊറോനകൾ – കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, മൂക്കന്നൂർ
തീയതി **– 2025 ഡിസംബർ 07, ഞായറാഴ്ച**
സമയം – ഉച്ചകഴിഞ്ഞ് 02.30 മുതൽ 06.30 വരെ
സ്ഥലം **– നൈപുണ്യ കോളേജ്, പൊങ്ങം, കൊരട്ടി**

**3. സൗത്ത് സോൺ**

ഫൊറോനകൾ – വൈക്കം, ചേർത്തല, പള്ളിപ്പുറം
തീയതി **– 2025 ഡിസംബർ 13, ശനിയാഴ്ച**
സമയം – രാവിലെ 09.00 മുതൽ 01.00 വരെ
സ്ഥലം **– ലിറ്റിൽ ഫ്ളവർ പള്ളി ഓഡിറ്റോറിയം, മണപ്പുറം**

**4. സെൻട്രൽ സോൺ**

ഫൊറോനകൾ – എറണാകുളം, ഇടപ്പള്ളി, തൃപ്പൂണിത്തുറ, പറവൂർ, കിഴക്കമ്പലം
തീയതി **– 2025 ഡിസംബർ 13, ശനിയാഴ്ച**
സമയം – ഉച്ചകഴിഞ്ഞ് 02.30 മുതൽ 06.30 വരെ
സ്ഥലം **– സെന്റ് ജോർജ് പള്ളി ഓഡിറ്റോറിയം, ഇടപ്പള്ളി**

**അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ഇടവകകൾക്കായി നൽകുന്ന പരിപാടികൾ :**

- ഹോം മിഷൻ
- ഇടവക ധ്യാനം
- വിവാഹ വർഷം അനുസരിച്ച് ഗ്രൂപ്പുകളാക്കി ദമ്പതികൾക്ക് ഏകദിന/ അർദ്ധദിന സെമിനാർ
- സ്നേഹജ്വാല മൂന്ന് സായാഹ്നങ്ങളിൽ (30-40 ദമ്പതികൾക്ക് മാത്രമുള്ള ദാമ്പത്യ പരിശീലനം)

- വിധവാ സെമിനാർ ഏകദിന /അർദ്ധദിന സെമിനാർ
- യുവജന, കൗമാരം വ്യക്തിത്വ വികസന സെമിനാർ
- അമ്മമാർക്ക് സെമിനാർ
- പിതാക്കന്മാർക്ക് സെമിനാർ
- മുതിർന്ന പൗരൻമാർക്ക് സെമിനാർ
- ഏകസ്ഥർക്കുള്ള പരിശീലന പരിപാടികൾ

പരിപാടികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാൻ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക: ജീവാലയ ഫാമിലി പാർക്ക് (0484-2462607, 8281544111, 8078334522).

**നന്ദി**

വിവാഹത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുന്ന 'വിവാഹോത്സവ്' ഫൊറോനതലത്തിൽ ആഘോഷിക്കുവാൻ സഹകരിച്ച ബ. വികാരിയച്ചന്മാർ, ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റർ സിസ്റ്റേഴ്സ്, എം.സി.സി ദമ്പതികൾ എന്നിവർക്ക് ഹൃദ്യമായ നന്ദി.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി

## എൽപിഎസ്ടി തസ്തികയിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ഒഴിവു വരുന്ന ലോവർ പ്രൈമറി അദ്ധ്യാപക തസ്തികകളിലേക്ക് നിശ്ചിത യോഗ്യതയുള്ള (കെടെറ്റ് നിർബന്ധം) ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ വിദ്യാഭ്യാസ ഏജൻസിയുടെ *www.ernakulameducationcouncil.com* എന്ന വെബ് സൈറ്റിൽ നിന്നും 06/11/2025 മുതൽ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 27/11/2025 വ്യാഴാഴ്ചക്കുള്ളിൽ അപേക്ഷ ഫീസായ 300 രൂപയോടൊപ്പം റിന്യൂവൽ സെന്ററിലെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതാണ്. എഴുത്തുപരീക്ഷയ്ക്കും ഇന്റർവ്യൂവിനും ശേഷം രൂപീകരിക്കുന്ന സെലക്ഷൻ ലിസ്റ്റിന്റെ കാലാവധി 2026 ജൂൺ 1 മുതൽ 2029 മാർച്ച് 15 വരെയായിരിക്കും. എഴുത്തു പരീക്ഷയിൽ 70% ചോദ്യങ്ങൾ പൊതു വിജ്ഞാനത്തെയും ഡിഎൽഎഡ് വിഷയങ്ങളേയും

ആസ്പദമാക്കിയായിരിക്കും. 30% ചോദ്യങ്ങൾ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി പ്രസിദ്ധീകരിച്ചിട്ടുള്ള 'വിദ്യാഭ്യാസം; പശ്ചാത്തലം, പ്രയോഗം, ക്രിസ്തീയ വീക്ഷണം' എന്ന ഗ്രന്ഥത്തിൽ നിന്നുമായിരിക്കും. 230/- രൂപ വിലയുള്ള ഈ ഗ്രന്ഥം ഉദ്യോഗാർത്ഥികൾക്ക് 200/- രൂപ നിരക്കിൽ കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

- **അപേക്ഷാർത്ഥികൾക്കുള്ള എഴുത്തു പരീക്ഷ 10/01/2026 ശനിയാഴ്ച രാവിലെ 10.00 മുതൽ 12.00 വരെ കലൂർ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ വച്ചായിരിക്കും. മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.**
- **കോർപ്പറേറ്റ് സ്കൂളുകൾ നിലവിലുള്ള ഇടവകകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിൽ മുൻഗണന ഉണ്ടായിരിക്കും.**
- **യുപിഎസ്ടി, എച്ച്എസ്ടി നിയമനങ്ങൾ 2027 മാർച്ച് 15 വരെ നിലവിലുള്ള സെലക്ഷൻ ലിസ്റ്റിൽ നിന്നു തന്നെയായിരിക്കും.**

## ടിങ്കർ ഫെസ്റ്റ് - നാലാം എഡിഷൻ സംഘടിപ്പിച്ചു

എറണാകുളം-അങ്കമാലി അതിരൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് 'ടിങ്കർ ഫെസ്റ്റ്-2025' മേലൂർ സെന്റ് ജോസഫ്സ് എച്ച്എസ്എസിൽ വച്ച് ഒക്ടോബർ 10-ന് നടത്തി. 'Reaching out quality life through sustainable development' എന്ന വിഷയത്തെ അടിസ്ഥാനമാക്കി 100-ലധികം വിദ്യാർത്ഥികൾ പ്രൊജക്ടുകൾ അവതരിപ്പിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ വെബ് ആൻഡ് ക്രാഫ്റ്റ് കമ്പനി സിഇഒ ശ്രീമതി ജിലു ജോസഫ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. ജോസ് പൊള്ളയിൽ, അസി. കോർപ്പറേറ്റ് മാനേജർ ഫാ. വർഗീസ് പാലാട്ടി എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികൾ നവീന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നൂതനാശയങ്ങൾ അവതരിപ്പിച്ച ഫെസ്റ്റിൽ യുപി വിഭാഗത്തിൽ തൃക്കാക്കര കാർഡിനൽ സ്കൂൾ, ഹൈസ്കൂൾ വിഭാഗത്തിൽ കലൂർ സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിൽ പുത്തൻപള്ളി സെന്റ് ജോർജ് സ്കൂൾ എന്നിവർ ഒന്നാം സ്ഥാനം നേടി.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# കേരള കത്തോലിക്കാ ടീച്ചേഴ്സ് ഗിൽഡ്

### ടാലന്റ് ഹണ്ട് സ്കോളർഷിപ്പ് പരീക്ഷ

വിവിധ മത്സര പരീക്ഷകൾക്കായി വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ചിരിക്കുന്നതാണ് ടാലന്റ് ഹണ്ട് സ്കോളർഷിപ്പ് പരീക്ഷ. 70% ചോദ്യങ്ങൾ പഠനസഹായിയിൽ നിന്നും, 30% ചോദ്യങ്ങൾ പൊതുവിജ്ഞാനത്തിൽനിന്നും ഉൾപ്പെടുത്തി നടത്തുന്ന ടാലന്റ് ഹണ്ട് പരീക്ഷയിൽ 1-10 വരെ ക്ലാസുകളിൽ നിന്നായി 8000 ഓളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. ഈ വർഷത്തെ ടാലന്റ് ഹണ്ട് പരീക്ഷ 29/11/2025, ശനിയാഴ്ച രാവിലെ 10.00 മുതൽ 11.30 വരെയാണ് നടക്കുന്നത്.

### നീതി നിഷേധത്തിനെതിരെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ശക്തമായി പ്രതിഷേധിച്ചു

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് കേരള സർക്കാർ കത്തോലിക്ക എയ്ഡഡ് മേഖലയിലെ അധ്യാപകരോട് പുലർത്തുന്ന ഇരട്ടത്താപ്പിനും നീതി നിഷേധത്തിനുമെതിരേ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ശക്ത മായ പ്രതിഷേധറാലിയും ധർണയും തിരുവനന്തപുരം സെക്രട്ടേറിയറ്റിനു മുമ്പിലും, കാക്കനാട് കളക്ടറേറ്റിനു മുമ്പിലും സംഘടിപ്പിച്ചു. അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് പൊതുവിദ്യഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സർക്കാർ ഇനിയും തയ്യാറായില്ലെങ്കിൽ നവംബർ 15 മുതൽ ശക്തമായ തുടർസമരപരിപാടികളുമായി മുന്നോട്ട് പോകുന്നതാണ്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

---

# എറണാകുളം-അങ്കമാലി അതിരൂപത കെ.എസി.എസ്.എൽ.

## KCSL കലോത്സവം

കെസിഎസ്എൽ എറണാകുളം-അങ്കമാലി അതിരൂപതാ കലോത്സവം 2025 നവംബർ 15 ശനിയാഴ്ച തൃക്കാക്കര കാർഡിനൽ ഹയർ സെക്കൻഡറി സ്കൂളിൽ നടത്തുന്നു. ഓരോ മേഖലയിൽ നിന്നും വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കിട്ടിയവരേയും, ഗ്രൂപ്പിനങ്ങളിൽ ഒന്നാം സ്ഥാനം കിട്ടിയവരേയുമാണ് പങ്കെടുപ്പിക്കുന്നത്.

ഭക്തിഗാനം (ആൺ), ഭക്തിഗാനം (പെൺ), മോണോ ആക്ട്, പ്രസംഗം മലയാളം, പ്രസംഗം ഇംഗ്ലീഷ്, പുത്തൻ പാന എന്നീ വ്യക്തിഗത ഇനങ്ങളുടെ

UP, HS, HSS വിഭാഗമത്സരങ്ങളും, കഥാപ്രസംഗം, മാർഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം, സ്റ്റഡി സർക്കിൾ എന്നീ ഗ്രൂപ്പ് ഇനങ്ങളുടെ UP, HS, HSS വിഭാഗ മത്സരങ്ങളുമാണ് നടത്തുന്നത്. മേഖലാ കലോത്സവങ്ങൾ നവംബർ 8-ന് മുൻപായി പൂർത്തിയാക്കി മത്സരാർത്ഥികളുടെ ലിസ്റ്റ് അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

---

# അതിരൂപതാ ഡയറി

## സെപ്റ്റംബർ 2025

27 റാഫേൽ തട്ടിൽ പിതാവ് ചൊവ്വരയിലുള്ള സി.എസ്.എൻ. ജനറലേറ്റിൽ അവരുടെ വിവിധ പ്രൊവിൻസുകളിൽനിന്നുള്ള പത്ത് നവസന്യാസിനികളുടെ നിത്യവ്രതവാഗ്ദാനത്തിനു കാർമികത്വം വഹിച്ചു.

ജോസഫ് പാംപ്ലാനി പിതാവ് ഉച്ചകഴിഞ്ഞ് ദ ഓർഡർ ഓഫ് ഹോളി ക്രോസിന്റെ തൃക്കാക്കരയിലുള്ള മാർത്തോമാ ഭവനം സന്ദർശിക്കുകയും അവിടെയുള്ള വൈദികരെയും സിസ്റ്റേഴ്സിനെയും കണ്ട് സംസാരിക്കുകയും ചെയ്തു.

28 ജോസഫ് പാംപ്ലാനി പിതാവ് രാവിലെ തൃക്കാക്കര തിരുഹൃദയ മൈനർ സെമിനാരി സന്ദർശിക്കുകയും കുർബാന അർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ നാമഹേതുക തിരുനാൾ അരമനയിൽ ആഘോഷിച്ചു.

## ഒക്ടോബർ 2025

5 ജോസഫ് പാംപ്ലാനി പിതാവ് കളമശ്ശേരി രാജഗിരിയിൽ നടന്ന എറണാകുളം-അങ്കമാലി അതിരൂപതയുടെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

5 ജോസഫ് പാംപ്ലാനി പിതാവ് ഉച്ചകഴിഞ്ഞ് ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോനാ പള്ളി സന്ദർശിച്ചു.

7 ജോസഫ് പാംപ്ലാനി പിതാവ് തൃക്കാക്കര സേക്രഡ് ഹാർട്ട് മൈനർ സെമിനാരിയിൽ നടന്ന എറണാകുളം-അങ്കമാലി അതിരൂപതയുടെ മേജർ സെമിനാരിക്കാരുടെ കൂട്ടായ്മയിൽ പങ്കെടുത്ത് ബലിയർപ്പിച്ചു.

10 ദീർഘകാലം വടവാതൂർ സെമിനാരിയിൽ സേവനം ചെയ്ത ശ്രീ. സെബാസ്റ്റ്യന്റെ മൃതസംസ്കാരചടങ്ങുകളുടെ ആദ്യഭാഗത്തിന് വടയാറുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു.

എറണാകുളം-അങ്കമാലി അതിരൂപതയിലെ കാഞ്ഞൂർ, വല്ലം, മഞ്ഞപ്ര ഫൊറോനകൾ ഉൾപ്പെടുന്ന മേഖലയിലെ വേദപാഠധ്യാപകരുടെ ഏകദിന സെമിനാറിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

12 മറ്റൂരുള്ള സി.എസ്.എസ്.ആർ. പ്രൊവിൻഷ്യൽ ഭവനമായ ലിഗോരി ഭവനിൽവച്ചു പ്രസ്തുത സഭാംഗങ്ങളായ രണ്ടു ശമ്മാശന്മാർക്കു റാഫേൽ തട്ടിൽ പിതാവ് ഡീക്കൻപട്ടം നൽകി.

15 റാഫേൽ തട്ടിൽ പിതാവ്, എറണാകുളം-അങ്കമാലി അതിരൂപതയിലെ തൃക്കാക്കരയിലുള്ള ഡോട്ടേഴ്സ് ഓഫ് സെന്റ് മേരി ഓഫ് ലെവുക്ക സഭാംഗമായ സി. റെമിജിയയ്ക്കുവേണ്ടി പ്രസ്തുത മഠത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 റാഫേൽ തട്ടിൽ പിതാവ്, എറണാകുളം-അങ്കമാലി അതിരൂപതയുടെ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ നവീകരിച്ച ദൈവാലയത്തിന്റെ പുനഃകൂദാശചെയ്തു ദിവ്യബലിയർപ്പിച്ചു.

20 റാഫേൽ തട്ടിൽ പിതാവ്, എറണാകുളം-അങ്കമാലി അതിരൂപതയിലെ കിഴക്കമ്പലം, എറണാകുളം, ഇടപ്പള്ളി, പറവൂർ, തൃപ്പൂണിത്തുറ എന്നീ ഫൊറോനകളടങ്ങുന്ന മേഖലയുടെ വേദപാഠാധ്യാപകരുടെ കൺവെൻഷന്റെ സമാപനസമ്മേളനം ഉദ്ഘാടനംചെയ്തു.

23 ജോസഫ് പാംപ്ലാനി പിതാവ്, അരമനയിൽ നടന്ന എറണാകുളം-അങ്കമാലി അതിരൂപതയിലെ ഫൊറോന വികാരിമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

24 ജോസഫ് പാംപ്ലാനി പിതാവ് രാവിലെ പൊന്നുരുന്നിയിൽ, സഹൃദയ

വെൽഫെയർ സർവീസസിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി നിർമ്മിക്കുന്ന സ്ഥാപനത്തിന് തറക്കല്ല് ഇട്ടു.

24 ജോസഫ് പാംപ്ലാനി പിതാവ് തോട്ടകം വിശുദ്ധ ഗ്രിഗോറിയോസ് പള്ളിയിൽ നടന്ന ദൈവദാസൻ കാട്ടറാത്ത് വർക്കിയച്ചന്റെ ചരമ വാർഷികാചരണത്തിൽ പങ്കെടുത്തു.

25 ജോസഫ് പാംപ്ലാനി പിതാവ് രാവിലെ കാക്കനാട് രാജഗിരിയിൽ നടന്ന സി. എം. ഐ. സേക്രഡ് ഹാർട്ട് പ്രോവിൻസിന്റെ എഡ്യുക്കേഷൻ കൺവെൻഷനിലും, തൃക്കാക്കരയിൽ Daughters of St. Mary of Leuca കോൺഗ്രിഗേഷന്റെ കോൺവെന്റ് സ്ഥാപിച്ചതിന്റെ അമ്പതാം വാർഷികത്തിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, ബ. പോൾ പടയാട്ടിൽ അച്ചന്റെ വന്ദ്യപിതാവിന്റെ നിര്യാണത്തിൽ, ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

അങ്കമാലി എൽ.എഫ്. ഹോസ്പിറ്റലിൽ നിര്യാതനായ വർഗീസ് കട്ടയ്ക്കകത്തൂട്ട് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥന നടത്തി.

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നടന്ന ഒഫ്ത്താൽമോളജി ഡിപ്പാർട്ട്മെന്റിന്റെ വജ്രജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

വൈകിട്ട് കൊച്ചി രൂപതയ്ക്ക് വേണ്ടി പുതിയതായി നിയമിതനായ ആന്റണി കാട്ടിപറമ്പിൽ പിതാവിന് കൊച്ചി ബിഷപ്സ് ഹൗസിൽ ചെന്ന് അനുമോദനങ്ങൾ നേർന്നു.


28 ബഹുമാനപ്പെട്ട വർഗീസ് കട്ടയ്ക്കകത്തൂട്ട് അച്ചന്റെ മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് (മൂഴിക്കുളം) അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നേതൃത്വം കൊടുത്തു.

* * * * *

**Little Flower Hospital**
**& Research Centre, Angamaly**












# ഒഫ്ത്താൽമോളജി ഡിപ്പാർട്ട്മെന്റിന്റെ വജ്രജൂബിലി ആഘോഷം

RNI No. 3421/57
Date of Publication: 01-11-2025
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org